കേരള സമാജം (രജി.)
Kerala Samajam Complex, K S Rao Road
Mangaluru. Ph: 0824 2441323
E-mail : keralasamajammangalore@gmai.com
ESTD:1957

ജൂൺ– 2023

# സമാജ സന്ദേശം

ഒരു കേരള സമാജം പ്രസിദ്ധീകരണം


## കൂട്ടായ്മയുടെ സന്ദേശം വിളിച്ചോതി കേരള സമാജം കുടുംബ സംഗമം

കൂട്ടായ്മയുടെ സന്ദേശം വിളിച്ചോതി മംഗളൂരു കേരള സമാജം കുടുംബ സംഗമം. ജൂൺ 11 ന് കെ.എസ്.റാവു റോഡിലുള്ള കേരള സമാജം സുവർണ്ണ ജൂബിലി ഹാളിൽ നടന്ന കുടുംബ സംഗമം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശം വിളിച്ചോതുന്നതായി.

കേരള സമാജം പ്രസിഡണ്ട് ടി.കെ.രാജൻ ഭദ്രദീപം തെളിയിച്ചതോടെ കുടുംബ സംഗമത്തിന് തുടക്കമായി. തുടർന്ന് ടി.കെ.രാജന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന യോഗത്തിൽ മലയാളം മിഷൻ കർണ്ണാടക ഓർഗനൈസിംഗ് സെക്രട്ടറി ജയ്സൺ ലൂക്കോസ്, ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി ദക്ഷിണ കന്നഡ ജില്ലാ സെക്രട്ടറി സഞ്ജയ് ഷെട്ടി, പുതുമംഗളൂരു തുറമുഖ ട്രസ്റ്റ് (എൻഎംപിടി) ഡെപ്യൂട്ടി ചെയർമാർ കൈരളി ഗോപിനാഥ് എന്നിവർ മുഖ്യാതിഥികളായിരുന്നു. കേരള സമാജം സെക്രട്ടറി മാക്സിൻ സെബാസ്റ്റ്യൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി കെ.വാസുദേവൻ നന്ദിയും പറഞ്ഞു.

പ്രവാസി മലയാളികൾ മലയാളം പഠിക്കേണ്ടതിന്റെ പ്രസക്തിയെ കുറിച്ചും മലയാളം മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങളെയും പ്രയോജനങ്ങളെയും കുറിച്ചും മലയാളം മിഷൻ കർണ്ണാടക ഓർഗനൈസിംഗ് സെക്രട്ടറി ജെയ്സൺ ലൂക്കോസ് വിശദീകരിച്ചു.

റെഡ്ക്രോസ് സൊസൈറ്റിയുമായി ചേർന്ന് വ്യക്തിത്വ വികസന പരിശീലനം അടക്കം യുവജനങ്ങളെ സാമൂഹിക വ്യക്തിത്വമുള്ളവരായി മുന്നോട്ട് നയിക്കാൻ കഴിയുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കാനുള്ള സാധ്യതയെ കുറിച്ച് ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റി ദക്ഷിണ കന്നഡ ജില്ലാ സെക്രട്ടറി സഞ്ജയ് ഷെട്ടിയും വിശദീകരിച്ചു.

മലയാള ഭാഷയെക്കുറിച്ചും സംസ്ക്കാരത്തെക്കുറിച്ചും, കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കേണ്ട ആവശ്യകതയെക്കുറിച്ചുമൊക്കെ എൻഎംപിടി ഡപ്യൂട്ടി ചെയർമാൻ കൈരളി ഗോപിനാഥ് സംസാരിച്ചു.

തുടർന്ന് കേരള സമാജം കലാവിഭാഗം, വനിതാ വിഭാഗം, യുവജന വിഭാഗം എന്നിവർ ചേർന്ന് വിവിധ കലാ പരിപാടികൾ അവതരിപ്പിച്ചു. തുടർന്ന് രാത്രി നടന്ന സ്നേഹ വിരുന്നോടെ പരിപാടികൾ സമാപിച്ചു.



മംഗളൂരു കേരള സമാജം കുടുംബ സംഗമത്തിനു തുടക്കം കുറിച്ച് പ്രസിഡണ്ട് ടി.കെ.രാജൻ ഭദ്രദീപം തെളിയിക്കുന്നു.

## മലയാളം മിഷന്റെ തുല്യതാ കോഴ്സുകൾ മംഗളൂരുവിലും ആരംഭിക്കുന്നു

ലോകമെമ്പാടും മലയാള ഭാഷയും സംസ്കാരവും പ്രചരിപ്പിക്കുന്നതിനായി കേരള സർക്കാർ ആരംഭിച്ച സംരംഭമായ മലയാളം മിഷൻ കേരള സമാജവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ മുന്നിട്ടിറങ്ങിയിരിക്കുകയാണ്. 'എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം' എന്നതാണ് മിഷന്റെ മുദ്രാവാക്യം.




മലയാളം മിഷൻ കർണ്ണാടക ഓർഗനൈസിംഗ് സെക്രട്ടറി ജെയ്സൺ ലൂക്കോസ് പദ്ധതിയുടെ പ്രവർത്തനങ്ങളെയും പ്രയോജനങ്ങളെയും കുറിച്ചു വിശദീകരിക്കുന്നു

മലയാളം മിഷനും കേരള സമാജവും ചേർന്ന് മലയാളം പഠന പദ്ധതി ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. മലയാള ഭാഷ തെറ്റു കൂടാതെ പറയുവാനും എഴുതുവാനും വായിക്കുവാനും കുട്ടികൾക്ക് പരിശീലനം നൽകുക വഴി കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് മലയാള ഭാഷാപഠനം പ്രയോജനപ്പെടുത്താനും സാധിക്കും'

പ്രത്യേകം തയാറാക്കിയ സിലബസും പുസ്തകങ്ങളും ഉപയോഗിച്ചാണ് മലയാളം മിഷൻ കോഴ്സുകൾ നടത്തുന്നത്. കോഴ്സിന്റെ ഓരോ ഘട്ടം പൂർത്തീകരിക്കുമ്പോഴും പരീക്ഷ നടത്തി അതിനു തുല്യമായ ക്ലാസിൽ മലയാളം പഠിച്ചതിനുള്ള സർട്ടിഫിക്കറ്റ് നൽകും. പഠനം പൂർണമായി പൂർത്തീകരിക്കുമ്പോൾ പത്താംക്ലാസിന് തത്തുല്യമായ നിലവാരത്തിലേക്ക് വിദ്യാർത്ഥികൾക്ക് എത്തിച്ചേരുവാനും പത്താം ക്ലാസ് തുല്യതാ സർട്ടിഫിക്കറ്റ് നേടുവാനും സാധിക്കും. കേരളത്തിൽ സംസ്ഥാന സർക്കാർ ജോലി ലഭിക്കുന്നതിന് മലയാളം പഠനം നിർബന്ധമാക്കിയിരിക്കുകയാണല്ലോ. കേരളത്തിനു പുറത്ത് പഠിച്ചു വളരുന്ന നമ്മുടെ മക്കൾ സ്കൂളിൽ മലയാളം പഠിക്കുന്നില്ല. അതുകൊണ്ടു തന്നെ അവർക്ക് കേരളത്തിൽ സർക്കാർ ജോലി ലഭിക്കാത്ത സാഹചര്യവും ഉണ്ടാകും.

മലയാളം മിഷന്റെ മലയാളം പഠന പദ്ധതി വിജയകരമായി പൂർത്തിയാക്കി തുല്യതാ സർട്ടിഫിക്കറ്റ് നേടുന്നവർക്ക് ഈ തടസ്സം മറികടക്കാനാവും എന്നതും ശ്രദ്ധേയമാണ്.

ജൂൺ 11നു നടന്ന കേരള സമാജം കുടുംബ സംഗമത്തിൽ മുഖ്യാതിഥിയായ മലയാളം മിഷൻ കർണ്ണാടക ഓർഗനൈസിംഗ് സെക്രട്ടറി ജെയ്സൺ ലൂക്കോസ് മലയാളം മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങളെയും പ്രയോജനങ്ങളെയും കുറിച്ചു വിശദീകരിച്ചു.

മലയാളം മിഷനുമായി ചേർന്ന് മംഗളൂരുവിന്റെ വിവിധ ഭാഗങ്ങളിലായി അഞ്ചോളം കേന്ദ്രങ്ങളിൽ മലയാളം പഠനം ആരംഭിക്കുമെന്ന് കേരള സമാജം സെക്രട്ടറി മാക്സിൻ സെബാസ്റ്റ്യൻ കുടുംബ സംഗമത്തിൽ അറിയിച്ചു.

മംഗളൂരുവിൽ സംഘടിപ്പിക്കുന്ന മലയാളം മിഷന്റെ മലയാളം കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് കേരള സമാജം ഓഫിസിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.



# സന്ദേശം

പ്രിയ സുഹൃത്തുക്കളേ,,,

കഴിഞ്ഞ ജൂൺ 11 ന് സമാജം ജൂബിലി ഹാളിൽ വെച്ച് നടന്ന സമാജം അംഗങ്ങളുടെ കുടുംബ സംഗമ പരിപാടി വൻ വിജയമാക്കിത്തീർത്ത മുഴുവൻ അംഗങ്ങൾക്കും നന്ദി അറിയിക്കട്ടെ. പങ്കാളിത്തം കൊണ്ടും ഉള്ളടക്കം കൊണ്ടും വലിയ വിജയമായിരുന്നു പരിപാടി. നമ്മുടെ ക്ഷണം സ്വീകരിച്ച് എത്തിച്ചേർന്ന് ചടങ്ങ് ധന്യമാക്കിയ വിഷിഷ്ടാതിഥികളോടുള്ള കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. നമ്മുടെ കുടുംബത്തിലെ കുട്ടികളുടെയും, അംഗങ്ങളുടേയും സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുവാനും, പ്രോത്സാഹിപ്പിക്കുവാനും ഉള്ള ഒരു വേദിയായി ഓരോ കുടുംബ സംഗമ പരിപാടികളും മാറണമെന്ന സദുദ്ദേശ്യത്തോട് കൂടിത്തന്നെയാണ് സമാജം കുടുംബ സംഗമ പരിപാടികൾ നടത്തപ്പെടുന്നത്. മാത്രമല്ല അംഗങ്ങൾ തമ്മിലുള്ള പരിചയം പുതുക്കലും വിശേഷങ്ങൾ പങ്കുവെക്കലുമൊക്കെയായി ഒത്തൊരുമിച്ച് നടത്തപ്പെടുന്ന ഇത്തരം പരിപാടികൾ ഭാവിയിലും വിജയമാക്കിത്തീർക്കുവാൻ ഓരോരുത്തരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചു കൊള്ളുന്നു.

സ്നേഹപൂർവ്വം

ടി.കെ.രാജൻ
കേരള സമാജം പ്രസിഡന്റ്
ഫോൺ:09448134955

## റിപ്പോർട്ട്



പ്രിയ സുഹൃത്തുക്കളേ...

വേനലവധി ആഘോഷിച്ച് സ്കൂൾ തുറക്കുന്ന ഈ വേളയിൽ എല്ലാ കുട്ടികൾക്കും പ്രത്യേകം സ്നേഹാശംസ കൾ നേരുന്നു. ഓരോ കുട്ടികളുടേയും പഠനത്തോടൊപ്പം സർഗ്ഗാത്മ ക കഴിവുകൾ കൂടി വളർത്തി ക്കൊണ്ട് വരുവാനും, സാമൂഹിക സേവനങ്ങൾ നിർവ്വഹിക്കുവാനും നിങ്ങൾ ഓരോരുത്തർക്കും സാധിക്കട്ടെയെന്ന് കൂടി ആശംസിക്കുകയാണ്.

നമ്മുടെ കേരള സമാജം ഇംഗ്ലീഷ് മീഡിയം സ്കൂൾ കാലത്തിനൊത്തുള്ള വികസന പ്രവർത്തനങ്ങളുമായി അടുത്ത അധ്യയന വർഷത്തിലേക്ക് കടക്കുകയാണ്. അതിന് നേതൃത്വം വഹിക്കുന്ന വൈസ് പ്രസിഡണ്ട് ഗോപാലൻ സാറിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

അതോടൊപ്പം തന്നെ നമ്മുടെ വളരെക്കാലത്തെ പരിശ്രമത്തിന് ശേഷം ലഭിച്ച റ്റി ഡി ആർ (TDR) സർട്ടിഫിക്കറ്റ് (കേരള സമാജം ബിൽഡിംഗിന് മുൻപിൽ റോഡ് വീതി കൂട്ടുന്നതിനായി കോർപറേഷന് വിട്ടു കൊടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരമായിട്ടുള്ള TDR certificate) കഴിഞ്ഞ ദിവസം നമുക്ക് ലഭിച്ചു. ഇതിനായി അക്ഷീണം പ്രവർത്തിച്ച നമ്മുടെ പ്രസിഡണ്ട് ടി.കെ.രാജൻ ,വൈസ് പ്രസിഡണ്ട് കെ.വിജയകുമാർ, സമാജം കമ്മറ്റി അംഗങ്ങൾക്കും മറ്റ് മാന്യ മെമ്പർമാർക്കും കേരള സമാജത്തിന്റെ നന്ദിയും കടപ്പാടും ഈയവസരത്തിൽ അറിയിക്കുന്നു.

ലോകമെമ്പാടുമുള്ള മലയാളികൾക്ക് മംഗലാപുരം കേരള സമാജത്തിലെ വിവരങ്ങളെക്കുറിച്ചും, പ്രോഗ്രാമുകളെ ക്കുറിച്ചുമൊക്കെ അറിയുന്നതിനും, അഭി പ്രായങ്ങൾ അറിയിക്കുന്നതിനും മറ്റുമായി കേരള സമാജത്തിന്റെ **http://www.Keralasamajammlr.com** എന്ന വെബ് സൈറ്റ് സജ്ജമായിട്ടുണ്ട്.

മാന്യ മെമ്പർമാരുടെ അഭിപ്രായങ്ങളും സഹകരണവും കേരള സമാജത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ ഇനിയും പ്രതീക്ഷിക്കുന്നു.

സെക്രട്ടറി
മാക്സിൻ സെബാസ്റ്റ്യൻ.

# ഗൂഗിളോപ്പതി



അലോപ്പതി, ഹോമിയോപ്പതി എന്നതു പോലെ ഗൂഗിളോപ്പതിയും ഒരു ചികിത്സാ സമ്പ്രദായമായി മാറിക്കഴിഞ്ഞിരിക്കുന്നു. പക്ഷം ഇത്തരക്കാർക്കും ഒരു ഡോക്ടർ മരുന്നു കുറിച്ചു നൽകിയാൽ മാത്രമേ അതിന്റെ പേര് ഗൂഗിളിൽ നോക്കി– ഡോക്ടർ തന്ന മരുന്ന് ഇന്ന അസുഖത്തിനുള്ളതല്ല, അല്ലെങ്കിൽ തന്റെ രോഗ ലക്ഷണത്തിനു വേറെ മരുന്നാണ് നല്ലത് എന്നൊക്കെ തോന്നൂ. ഗൂഗിളിൽ നോക്കി ചികിത്സ നിശ്ചയിക്കാൻ പ്രാവീണ്യം ഉണ്ടെങ്കിൽ പിന്നെന്തിന് ഒരു വൈദ്യന്റെ സമയം കളയണം? തികച്ചും അനാശാസ്യമായ ഈ പ്രവണത ഇന്ന് കൂടിക്കൂടി വരികയാണ്.

ഓരോ മരുന്നും രോഗ ലക്ഷണം, രോഗിയുടെ മറ്റ് അവസ്ഥ, രോഗത്തിന്റെ അവസ്ഥ, മറ്റ് അസുഖങ്ങളുടെ സ്ഥിതി എന്ന് തുടങ്ങി അനവധി കാര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഒരേ രോഗത്തിന് രണ്ടു ഡോക്ടർമാരെ കണ്ടാൽ മിക്കാവാറും ഒരേ മരുന്ന് ആവണമെന്നില്ല കുറിക്കുന്നത്. തന്റെ പരിചയം, യുക്തി മുതലായവയൊക്കെ ചികിത്സയെ സ്വാധീനിക്കും. ഇതു തന്നെയാണ് ചികിത്സയുടെ പ്രാവീണ്യം എന്നു പറയുന്നത്. സ്വയം ചികിത്സ ആപത്ത് എന്ന് എല്ലാവർക്കും അറിയാം. എന്നാലും ഇങ്ങിനെ ചെയ്യുന്നവർ കുറവല്ല.

സാധാരണ ലക്ഷണങ്ങൾ പലപ്പോഴും ഒളിഞ്ഞിരിക്കുന്ന ഗുരുതരാവസ്ഥയുടെ തുടക്കത്തിലെ ലക്ഷണങ്ങളുമാവാം. വെറും താൽക്കാലിക ലക്ഷണങ്ങൾ നോക്കി മരുന്നു കഴിച്ചാൽ ശരിയായ രോഗാവസ്ഥ മുടപ്പെട്ട് ഗുരുതരമായി തിരിച്ചു വരാം. ഇത് കൂടുതൽ ചെലവിനും രോഗം മാറാ രോഗമായി മാറാനും ഒക്കെ കാരണമാകാം.

കാര്യങ്ങൾ അറിയാനുള്ള ആകാംക്ഷയും ഗൂഗിളിന്റെ അനന്ത സാധ്യതകളും കുറച്ചു കാണുകയല്ല. ഇതിൽ നോക്കിയാൽ കിട്ടുന്ന എല്ലാ അറിവുകളും ആധികാരികമായി തെറ്റിദ്ധരിക്കപ്പെടുന്നുണ്ട്. പലപ്പോഴും അബദ്ധ ജഡിലമായ പല അറിവുകളും സാധാരണക്കാരിലെത്തും.

ചികിത്സാ സംബന്ധമായ അറിവുകളിൽ ഏറ്റവും അബദ്ധ ധാരണകൾ ഗൂഗിളിൽ പ്രചരിക്കുന്നത് ക്യാൻസറിനെ സംബന്ധപ്പെട്ടാണ് എന്നു തോന്നാറുണ്ട്. ഒരു വിധം ക്യാൻസറുകളൊക്കെ ഗൂഗിളിൽ നോക്കിയാൽ അഞ്ചു വർഷം കൊണ്ട് രോഗി തട്ടിപ്പോകുന്നത് ആയിട്ടാണ് വിധിയെഴുതി വെച്ചിട്ടുള്ളത്. പലപ്പോഴും ഇതു നോക്കുന്ന രോഗി– രോഗത്താലല്ല, മറിച്ച് ആധി കാരണം 2 വർഷം കൊണ്ട് തന്നെ ഇഹലോക വാസം വെടിയും. ഓരോ ശരീരവും രോഗത്തോടു പൊരുതുന്ന രീതി വ്യത്യസ്തമാണ്. ആത്മവിശ്വാസം, ശരീരബലം, രോഗപ്രതിരോധ ശേഷി ഇവയെല്ലാം അതിജീവനത്തിന് സഹായകമാകും.

ഇന്റർനെറ്റിൽ പെട്ടന്ന് വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഈ ജ്ഞാന സ്രോതസ്സ് ആർക്കും ഒഴിവാക്കാനാകുന്നതല്ല. പക്ഷെ, അതിനെ യുക്തിയുക്തം ഉപയോഗിക്കാൻ സാധിക്കണം. ഗൂഗിൾ മാപ്പ് നോക്കി വാഹനം ഓടിച്ച് പുഴയിലും കുളത്തിലും വീഴുന്നവരുടെ കൂട്ടത്തിൽ ആരും പെടാതിരിക്കട്ടെ– ഒരു അറിവും ചെറുതല്ല, നല്ല രീതിയിലും ബുദ്ധിപൂർവമായും ഉപയോഗിച്ചാൽ.

**ഡോ. ശങ്കരൻ നമ്പൂതിരി,**
**കോട്ടക്കൽ ആര്യവൈദ്യ ശാല,**
**മംഗളൂരു ബ്രാഞ്ച്.**
**ഫോൺ: 9481822367.**



**വര: ദിലീപ് മാസ്റ്റർ പയ്യന്നൂർ**

വരകൾ എവിടെയും മുറിയുകയോ പരസ്പരം സ്പർശിക്കുകയോ ചെയ്യാതെ 14.5 മീറ്റർ നീളമുള്ള ഒരൊറ്റ വരയിൽ തീർത്ത ഗണപതി. ഏറ്റവും മുകളിൽ കിരീടത്തിൽ തുടങ്ങിയ വര ഗണപതിയുടെ വലതു ചെവിയുടെ (വായനക്കാരൻ കാണുമ്പോൾ ഇടതുഭാഗം) താഴെ ഭാഗത്താണ് അവസാനിക്കുന്നത്. അധ്യാപകനും മജീഷ്യനും മെന്റലിസ്റ്റും മികച്ച സംഘാടകനുമെല്ലാമാണ് കേരള സമാജം അംഗമായ ദിലീപ് മാസ്റ്റർ.

# കുടുംബ സംഗമ കാഴ്ചകളിലൂടെ...

















റാണി കലാധർ



# സംഗമങ്ങളുടെ സന്തോഷങ്ങൾ


അറുപതിൽ കൂടുതൽ വർഷങ്ങൾ പിന്നിട്ട നമ്മുടെ കേരള സമാജ, സമാജ ത്തിന്റെ മികവുറ്റ പ്രവർത്തനങ്ങളിലൂടെ ഏറെ ദൂരം മുന്നോട്ട് പോവുകയാണ്. മാതൃകാപരമായ ഒട്ടേറെ നല്ല കാര്യങ്ങൾ മംഗലാപുരം കേരള സമാജം മലയാളി സമൂഹത്തിന് സംഭാവന ചെയ്തിട്ടുമുണ്ട്. അതാത് കാലങ്ങളിൽ ഭാരവാഹിത്വമേറ്റെടുത്ത അദ്ധ്യക്ഷൻമാരും നിർവ്വാഹകസമിതി അംഗങ്ങളുമൊക്കെയായി സമാജത്തെ പ്രബലമായ ഉയരങ്ങളിൽ കൊണ്ടെ ത്തിച്ചിട്ടുമുണ്ട്.

ചില രാജ്യത്ത് മലയാളി സമാജങ്ങളുടെ പ്രവർത്തനങ്ങൾ നട ന്നു വരുന്നുണ്ടെങ്കിലും കാലക്രമേണ സമാജങ്ങളുടെ പ്രവർത്തനങ്ങൾ കുറയുകയും പലതും പ്രവർത്തന രഹിതമായ അവസ്ഥയിലേക്ക് മാറു കയും ചെയ്തതിന് പ്രധാന കാരണം ഒരു പക്ഷെ അറിഞ്ഞോ അറിയാ തെയോ യുവാക്കൾക്ക് അവസരങ്ങൾ നിഷേധിക്കുന്നത് കൊണ്ടായിരിക്കാം. പക്ഷെ ഇതിൽ നിന്നും വ്യത്യസ്ത മായിട്ടാണ് നമ്മുടെ കേരള സമാജം ഇന്ന് മുന്നോട്ട് പോകുന്നത്.

സംഘടനാ പ്രവർത്തനങ്ങളിലേക്കു യുവതീയുവാക്കളെ അടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ സമാജം 'യൂത്ത് വിംങ്' രൂപപ്പെടുത്തിയിട്ടുണ്ട്. യുവജനങ്ങളെ സമാജങ്ങളിലെ പ്രവർത്തന മേഖലയിലേക്കു കൊണ്ട് വരുവാനും, കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾ അവരിലൂടെ നടത്തപ്പെടുവാനും സഹായകരമാണിത്.

യുവ തലമുറക്ക് സ്നേഹവും, സഹകരണവും, നമ്മുടെ സംസ്ക്കാരം ഉൾക്കൊള്ളാനുള്ള കഴിവും മറ്റ് സംഘടനാ പ്രവർത്തനങ്ങളും അന്യം നിന്ന് പോകാതിരിക്കാൻ യുവാക്കളേയും യുവതികളേയും സംഘടിപ്പിച്ച് സെമിനാറുകൾ നടത്തുകയും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും മറ്റും നേതൃപാടവം നേടിയെടുക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നുണ്ട്.

ഈയൊരവസരത്തിൽ അതായത് കേരള സമാജത്തിന്റെ ഉയരങ്ങൾ തേടിയുള്ള പ്രയാണത്തിൽ നമ്മളെ മനസ്സിലാക്കുന്ന സുഹൃത്തുക്കളെ അല്ലെങ്കിൽ നമ്മൾ മനസ്സിലാക്കുന്ന സൗഹൃദങ്ങളെക്കൂടി ഓരോ മലയാളികൾക്കും ആവശ്യമാണ്.




ഒരുപാട് കാലം കഴിഞ്ഞു നമ്മുടെ ബന്ധുക്കളെ ഒക്കെ കാണുന്നത് നമ്മുടെ മനസ്സിന് സന്തോഷം നൽകുന്നതാണല്ലോ. ഒറ്റ ട്രിപ്പില് എല്ലാവരെയും കാണാം. തമാശകൾ പറയാം, പൊങ്ങച്ചം പറയാം ! അതു പോലെ മലയാളികൾ തമ്മിൽ വല്ലപ്പോഴും പരസ്പരം കാണാനും പരിചയം പുതുക്കാനുമൊക്കെ ഇടക്കിടെ നടത്തപ്പെടുന്ന കുടുംബ സംഗമങ്ങളും മറ്റും വളരെ ഉപകാരപ്രദമായ കാര്യങ്ങളാണ്.

പരിചയം പുതുക്കലും, വിശേഷങ്ങൾ പങ്കുവെക്കലും, സ്വജനങ്ങളോടുള്ള സ്നേഹവായ്പുകളും, കുറച്ച് പരദൂഷണവുമൊക്കെയായി സമാജത്തിൽ ഒത്തു ചേരുവാനും അവരവരുടെയും, കുട്ടികളുടേയും സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാനും മറ്റും ഇങ്ങനെയുള്ള സംഗമങ്ങൾക്ക് കഴിയാറുമുണ്ട്.

കലാപരിപാടികളിൽ പങ്കെടുക്കുന്നവർക്കും മറ്റും സമ്മാനങ്ങൾ വിതരണം ചെയ്തും, മുതിർന്നവരുൾപ്പെടെ സജീവമായി വേദികളിൽ തങ്ങളുടെ കഴിവ് പ്രകടിപ്പിച്ചും ഒക്കെയാകുമ്പോൾ സമാജത്തിലെ ഒരുമയുടെ സംഗമത്തിനു കൂടുതൽ ചാരുത കൈവരുന്നു.

ഇതിനിടയിൽത്തന്നെ എന്തെങ്കിലും സാമ്പത്തിക / ആരോഗ്യ പ്രശ്നങ്ങളിൽ ബുദ്ധിമുട്ടുന്നവർക്ക് എന്തെങ്കിലും ആവശ്യമായ തുക നൽകി സഹായി ക്കാനും സമാജം മുന്നിട്ടിറങ്ങുന്നുണ്ട്. വ്യക്തിപരമായും ഇതുപോലുള്ള ചില സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളി യാകാനും ഇത് പോലുള്ള കുടുംബ സംഗമങ്ങൾക്ക് സാധിക്കും.

തിരക്കിട്ട ജീവിതത്തിനിടയിൽ വല്ലപ്പോഴും മലയാളി സുഹൃത്തുക്കൾ തമ്മിൽ പരസ്പരം കണ്ടുമുട്ടുമ്പോൾ ഒന്ന് പുഞ്ചിരിയ്ക്കാനും, മനസ്സുകൾ തമ്മിൽ അടുക്കുകയും, സന്തോഷവും ആനന്ദവും നുകരുന്നതിനും കുട്ടികളിലെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനും ഇത്തരം സംഗമങ്ങൾ വരും തലമുറയ്ക്ക് കൂടി മാതൃകയായിത്തീരട്ടെ! ഒപ്പം എല്ലാ ഭേദങ്ങൾക്കും അപ്പുറം നാം ഒരു നാടിന്റെ മക്കളാണെന്ന ഒരുമ വളർത്താനും.


## കടമുറികൾ വാടകയ്ക്ക്

മംഗളൂരു നഗരമധ്യത്തിൽ കെ.എസ്.റാവു റോഡിലെ കേരള സമാജം കോംപ്ലക്സിൽ കടമുറികൾ വാടകയ്ക്ക് നൽകാനുണ്ട്. ആവശ്യമുള്ളവർ കേരള സമാജം ഓഫിസുമായി ബന്ധപ്പെടുക.

**ഫോൺ: 0824 2441323**

## സമാജ സന്ദേശത്തിൽ പരസ്യം നൽകാൻ ബന്ധപ്പെടുക

**ഫോൺ: 0824 2441323**

**2022 ഏപ്രിൽ 1നു നിലവിൽ വന്ന പരസ്യ നിരക്ക് (ചതുരശ്ര സെന്റീമീറ്ററിന്)**

| വാണിജ്യ പരസ്യങ്ങൾ | വ്യക്തിഗത പരസ്യങ്ങൾ |
|---|---|
| ഒന്നാം പേജ്: 25 രൂപ | ഒന്നാം പേജ്: 20 രൂപ |
| ബാക്ക് പേജ്: 20 രൂപ | ബാക്ക് പേജ്: 15 രൂപ |
| ഉൾപേജ്: 15 രൂപ | ഉൾപേജ്: 10 രൂപ |

തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് പ്രസിദ്ധീകരിക്കുന്ന കാലയളവ് പരിഗണിച്ച് നിരക്കിളവ് നൽകുന്നതാണ്. കേരള സമാജം അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും വ്യക്തിഗത പരസ്യങ്ങൾക്ക് 25 ശതമാനം നിരക്ക് ഇളവ് ലഭ്യമാണ്.

## മലയാളം ടൈപ്പിംങ്, ഡിടിപി, തർജമ

ബന്ധപ്പെടുക:

**വി.എം. കമ്മ്യൂണിക്കേഷൻസ്, മംഗളൂരു**

**ഫോൺ: 8762234372**




കേരള സമാജം അംഗം പ്രമീള ചെന്താമര ചിരട്ടയിൽ തീർത്ത കരകൗശല വസ്തുക്കൾ.

Edited, Printed and Published by T.K.Rajan on behalf of Kerala Samajam, K.S.Rao Road, Mangaluru-575001. Ph: 0824 2441323. E-Mail: samajasandesham@gmail.com.
Vol: 2. No: 6. Printed at Assisi Press, Assisi Complex, Jail Road, Bejai, Mangaluru- 575003. DTP: VM Communications (Ph: 8762234372)